നം.എൻ.ഇ.പി(3)67366/2012/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം.
തീയതി: 02.11.2012

## സർക്കുലർ

വിഷയം:- **പൊതുവിദ്യാഭ്യാസം - ഹൈസ്കൂളിനോടൊപ്പമുള്ള എൽ.പി-യു.പി സ്കൂളുകളിൽ 'സമ്പൂർണ്ണ' പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:
1) 18.08.2011-ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/53537/2011 നമ്പർ സർക്കുലർ.
2) 13. 12. 2011-ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/53537/2011 നമ്പർ സർക്കുലർ
3) 23.08.2012-ലെ ഐടി@സ്കൂൾ പ്രോജക്റ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം.

സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങൾക്കും പ്രയോജനപ്രദമായ 'സമ്പൂർണ്ണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിന് സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സമ്പൂർണ്ണയിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ ഉപയോഗിച്ചാണ് കഴിഞ്ഞവർഷം (2011-12) എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ആവശ്യമായ ഡാറ്റാ ശേഖരിച്ചത്. എട്ട്, ഒമ്പത് ക്ലാസുകളിലെ വിദ്യാർത്ഥികളുടെ വിശദാംശങ്ങളും സമ്പൂർണ്ണയിൽ ഉൾപ്പെടുത്തുന്നതിനും 2011-12 അധ്യയനവർഷം ക്ലാസ് പ്രമോഷൻ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, പ്രോഗ്രസ് റിപ്പോർട്ട് തുടങ്ങിയ പ്രവർത്തനങ്ങൾ സമ്പൂർണ്ണവഴി നടത്തേണ്ടതാണെന്നും സൂചന രണ്ട് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വിദ്യാലയങ്ങളിലേയും മുഴുവൻ വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ സമ്പൂർണ്ണയിൽ ഘട്ടംഘട്ടമായി ഉൾപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഹൈസ്കൂളിനോടൊപ്പമുള്ള എൽ.പി-യു.പി ക്ലാസുകളിലെയും ഈ വർഷത്തെ എട്ടാം ക്ലാസ് വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ സമ്പൂർണ്ണയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു:

1. വിദ്യാർത്ഥികളുടെ വിവരശേഖരണത്തിനുള്ള ഫോറം ഐടി@ സ്കൂൾ പ്രോജക്റ്റ് ലഭ്യമാക്കുന്നതാണ്. (മാതൃക അനുബന്ധമായി ചേർക്കുന്നു)

2. ഹൈസ്കൂൾ ക്ലാസുകളിലെ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ മാതൃകയിൽ എൽ.പി.-യു.പി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിശദാംശങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

3. എൽ.പി,-യു.പി വിഭാഗത്തിലെ എല്ലാ കുട്ടികളുടെയും വിവരങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ ക്ലാസ്, ഡിവിഷൻ തിരിച്ച് ശേഖരിച്ച് ഓൺലൈനിൽ ഉൾപ്പെടുത്തേണ്ടത് അതത് ക്ലാസധ്യാപകരുടെ ഉത്തരവാദിത്വത്തിലാണ്.

4. എൽ.പി/യു.പി വിഭാഗം ഉൾപ്പെടെയുള്ള ഹൈസ്കൂളുകളിലെ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലെ എല്ലാ വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ 30.11.2012-നകം സമ്പൂർണ്ണയിൽ കൃത്യതയോടെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

5. സ്കൂൾ പ്രവർത്തനങ്ങളെ ബാധിക്കാത്തവിധത്തിൽ അധ്യാപകർക്കോ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള മറ്റുള്ളവർക്കോ ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. എന്നാൽ ഒരു ക്ലാസിലെ എല്ലാ കുട്ടികളുടെയും കൃത്യമായ വിവരം ഓൺലൈനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം അതത് ക്ലാസധ്യാപകർക്കാണ്.

6. ഡാറ്റാ എൻട്രി നടത്തുന്നതിനും പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തുന്നതിനുമായി ഒരു ഫോമിന് 2/- രൂപാ നിരക്കിൽ തുക സ്കൂളുകളുടെ ഐടി അഡ്വൈസറി അക്കൗണ്ടിലേക്ക് ഐടി@സ്കൂൾ പ്രോജക്ട് അനുവദിക്കുന്നതാണ്. സ്കൂളിലെ എല്ലാ എൽ.പി./യു.പി വിദ്യാർത്ഥികളുടെയും വിശദാംശങ്ങൾ ഓൺലൈൻ എൻട്രി നടത്തി സർട്ടിഫിക്കറ്റ് സ്കൂൾ പ്രഥമാധ്യാപകരും ക്ലാസധ്യാപകരും ഒപ്പിട്ട് ഐടി@ സ്കൂൾ പ്രോജക്ടിന്റെ ജില്ലാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. ഇത് പരിശോധിച്ച് ആവശ്യമായ തുക ഐടി@സ്കൂൾ പ്രോജക്ട് ലഭ്യമാക്കേണ്ടതാണ്.

7. അടുത്ത അധ്യയനവർഷത്തേക്കുള്ള ക്ലാസ് പ്രമോഷൻ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, പ്രോഗ്രസ് റിപ്പോർട്ട് തുടങ്ങിയവ നിർബന്ധമായും സമ്പൂർണ്ണയിലൂടെയാണ് നടത്തേണ്ടത്. അതിനാൽ സമയബന്ധിതമായി ഡാറ്റാ എൻട്രി പ്രവർത്തനങ്ങളും പരിശോധനയും പൂർത്തിയാക്കേണ്ടതും വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

8. എൽ.പി - യു.പി വിഭാഗങ്ങളുള്ള ഹൈസ്കൂളുകളിലെ ഹെഡ് മാസ്റ്റർ/സീനിയർ അസിസ്റ്റന്റിന് ഒരു ദിവസത്തെ പ്രത്യേക പരിശീലനം ഐടി@സ്കൂൾ പ്രോജക്ട് ക്രമീകരിക്കേണ്ടതാണ്.

9. സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ഡിഡി.ഇ., ഡി.ഇ.ഒ.മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

അംഗീകാരത്തോടെ

**സൂപ്രണ്ട്**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി @സ്കൂൾ പ്രോജക്ട്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ മുഖേന)